ഉത്തരം

(എ) മദ്യപാനംമൂലം 2002 വർഷത്തിൽ '61'-ഓളം വാഹന അപകടങ്ങൾ ഉണ്ടായി. അതിൽ 5-ഓളം പേർ മരണപ്പെട്ടിട്ടുണ്ട്.

(ബി) '5'-ഓളം പേർക്ക് അംഗഭംഗം നേരിടുന്നു.

(സി&ഡി) 2002 വർഷത്തിൽ മദ്യപിച്ച് വാഹനമോടിച്ചതിനും മറ്റുമായി 6293 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

തീർപ്പ് കൽപ്പിക്കാതെ കിടക്കുന്ന മോട്ടോർ അപകട നഷ്ടപരിഹാര കേസുകൾ

50 (3002) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2003 മാർച്ച് വരെ തീർപ്പുകൽപ്പിക്കാതെ കിടക്കുന്ന എത്ര മോട്ടോർവാഹന അപകട നഷ്ടപരിഹാര കേസുകൾ ഉണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ഇവയിൽ ഒരുവർഷത്തിലേറെ പഴക്കമുള്ള എത്ര അപേക്ഷകൾ ഉണ്ട് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 1,54,596 കേസുകൾ.

(ബി) ഇവയിൽ ഒരുവർഷത്തിലേറെ പഴക്കമുള്ള 96840 കേസുകൾ തീർപ്പാക്കാനുണ്ട്.

ആദിവാസി യുവാവ് എൻ. സാബുവിന്റെ കൊലപാതകം

51 (3003) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം ജില്ലയിലെ തെന്മല ഗ്രാമപഞ്ചായത്തിൽ ഉറുകുന്ന് ആദിവാസി കോളനിയിൽ എൻ. സാബുവിന്റെ കൊലപാതകം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ കൊലപാതകം തെളിയിക്കുന്നതിന് വ്യക്തമായ തെളിവുകൾ ഉണ്ടായിട്ടും പോലീസിന്റെ ഭാഗത്തുനിന്ന് ഗൗരവമായ അന്വേഷണം നടക്കുന്നില്ലെന്ന പരാതി ലഭിച്ചിട്ടുണ്ടോ ;

(സി) ഇപ്പോൾ ഈ കേസ് അന്വേഷണം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ;

(ഡി) ഈ കേസ് അന്വേഷണം ക്രൈംബ്രാഞ്ച് പോലീസിന് കൈമാറണമെന്ന ഹർജ്ജി ലഭിച്ചിട്ടുണ്ടോ ;

(ഇ) എങ്കിൽ എത്രയും വേഗം ആയതിലേക്ക് നടപടികൾ സ്വീകരിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly